ഉദ്യോഗാർത്ഥികൾക്ക് ആത്മവിശ്വാസം പകരാനും പരീക്ഷാ നടത്തിപ്പിൽ ക്രമക്കേട് വരാതിരിക്കുവാനും ഗവൺമെന്റ് ചെയ്യാവുന്ന എല്ലാ നടപടിയും ചെയ്യുമെന്ന് ഞാൻ ഉറപ്പുപറയുവാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : സബ്മിഷൻ ഓരോ വാചകത്തിൽ എല്ലാപേരും പറയണം. സമയം ധാരാളമായി. മന്ത്രിമാരും ദയവ്ചെയ്ത് ഓരോ വാചകത്തിൽ മറുപടി പറയണം.

V സബ്മിഷൻ

(1) കേരളത്തിലെ സ്വർണ്ണത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. രാധാകൃഷ്ണൻ : രണ്ടരലക്ഷത്തോളം വരുന്ന ആഭരണ നിർമ്മാണ തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കണമെന്നും അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുന്നത്. കേരളത്തിൽ ഏകദേശം രണ്ടരലക്ഷത്തോളം ആഭരണനിർമ്മാണ തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ ഏകദേശം 40,000 തൊഴിലാളികൾ തൃശ്ശൂർ ജില്ലയിൽ തന്നെയുള്ളവരാണ്. തൃശ്ശൂർ ജില്ലയിൽ കുന്ദംകുളത്തും ചേർപ്പിലും ചേലക്കരയിലും മറ്റു സ്ഥലങ്ങളിലുമായാണ് ഈ നാല്പതിനായിരം തൊഴിലാളികൾ പണിയെടുത്തു കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഈ രംഗത്ത് അനവധി ഇടത്തട്ടുകാർ കടന്നുവന്നതിന്റെ ഫലമായി ആഭരണ നിർമ്മാണ രംഗത്ത് തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരമില്ലാത്ത ആഭരണങ്ങൾ നിർമ്മിച്ച് കേരളത്തിൽ വിൽക്കുകയാണ്. അതിന്റെ ഫലമായി തൊഴിലില്ലായ്മ ഉണ്ടാകുന്നു. മാത്രമല്ല, നമ്മുടെ കേരളത്തിന് കിട്ടേണ്ട വലിയ നികുതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഏകദേശം 1500 കോടിയോളം രൂപ വർഷംതോറും ടാക്സ് ഇനത്തിൽ കിട്ടുമെന്നാണ് കണക്കാക്കപ്പെടുന്നത്. നമുക്ക് ഈ വർഷം കിട്ടിയത് കേവലം 38 കോടി രൂപ മാത്രമാണ്. ടാക്സ് വെട്ടിപ്പ് നടക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. അങ്ങനെ വലിയ പ്രയാസം അനുഭവപ്പെടുകയാണ്. ഇതിന് പരിഹാരമുണ്ടാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, സ്വർണ്ണത്തൊഴിലാളികളുടെ പ്രശ്നം വളരെ ഗൗരവമായി വന്നിട്ടുണ്ട്. സ്വർണ്ണാഭരണം പണിയുന്ന തൊഴിലാളികളും വിൽക്കുന്ന വ്യാപാരികളും തമ്മിൽ തൊഴിലുടമാ-തൊഴിലാളി ബന്ധം സ്ഥാപിക്കുവാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അവർ സ്വന്തമായി പണിചെയ്ത് കൊണ്ടുവന്ന് വിൽക്കുകയാണ്. പണിക്കൂലി

LIBRARY ARCHIVES Kerala Legislative Assembly

അവർതന്നെ തീരുമാനിച്ച് കൊടുക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്തിന് പുറത്തുനിന്നും വളരെയധികം ആഭരണങ്ങൾ ഇപ്പോൾ വരുന്നുണ്ട്. യന്ത്രനിർമ്മിത ആഭരണങ്ങൾ വളരെ വലിയ തോതിൽ നമ്മുടെ സംസ്ഥാനത്ത് വരുന്നതുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നില്ല എന്നത് ഗൗരവമായ പ്രശ്നം തന്നെയാണ്. ടാക്സ് വെട്ടിപ്പും മറ്റു കാര്യങ്ങളുമൊക്കെ ധനകാര്യ വകുപ്പിൻകീഴിൽ വരുന്നതാണ്. ലേബർ ഡിപ്പാർട്ടുമെന്റിന് ചെയ്യാവുന്നവ ചെയ്യും. ബന്ധപ്പെട്ട എല്ലാപേരെയും വിളിച്ച് ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : ഒരു വാചകത്തിൽ പറയണം.

(2) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : കേരളത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അടുത്തവർഷം മുതൽ ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള നീക്കം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. കേരളത്തിൽ ഓരോ പത്തിലൊന്ന് കുടുംബവും എസ്.എസ്.എൽ.സി. പരീക്ഷയെ ഉറ്റുനോക്കുകയാണ്. ആറു ലക്ഷം വിദ്യാർത്ഥികളാണ് ഈ പരീക്ഷ എഴുതുന്നത്. ഇൻഡ്യയ്ക്ക് മാതൃകയാകുന്ന തരത്തിലാണ് ഈ സമ്പ്രദായം നിലവിലുണ്ടായിരുന്നതും അത് നടപ്പാക്കിക്കൊണ്ടിരുന്നതും. ഏത് പുതിയ പരിഷ്കാരവും സുതാര്യവും സുസമ്മതവും ആകുമോ? പ്രശ്നങ്ങളെ വറുചട്ടിയിൽനിന്നും എരിതീയിലേക്ക് തള്ളിവിടുന്ന തരത്തിൽ വിദ്യാർത്ഥികളെ വിഷമിപ്പിക്കുന്ന രീതിയാണ് ഇവിടെ നടക്കുന്നത്. അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ തോൽവി ഇല്ലെന്നും ഒമ്പത് ഗ്രേഡ് വയ്ക്കുമെന്നുമാണ് പറയുന്നത്. എന്റെ മണ്ഡലത്തിലെ മുൻ എം.എൽ.എ. അനിരുദ്ധന്റെ മകൻ ആത്മഹത്യ ചെയ്ത സംഭവം ഞാൻ ഓർക്കുകയാണ്.....(മൈക്ക് ഓഫ്).....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ഗ്രേഡിംഗ് സമ്പ്രദായം വൈജ്ഞാനികവും സഹവൈജ്ഞാനികവുമായ മേഖലകൾക്ക് പ്രാധാന്യം നൽകുന്നു, മോഡറേഷനും തോൽവിയും ഒഴിവാക്കപ്പെടുന്നു, താഴ്ന്ന ഗ്രേഡ് കിട്ടിയവർ മെച്ചപ്പെടുന്നതിന് അർഹത ലഭിക്കുന്നു, സുതാര്യമായി വസ്തുതകൾ വിലയിരുത്തി അവ ഉറപ്പാക്കപ്പെടുന്നു, ഗ്രേഡിംഗിലൂടെ സമഗ്രവും തുടർച്ചയുമായ വിലയിരുത്തൽ സാധ്യമാകുന്നു, വൈജ്ഞാനിക മേഖലയും സഹവൈജ്ഞാനിക മേഖലയും ഒരേ സമയം വിലയിരുത്തുന്നതിന് സാധ്യമാകുന്നു. ഇതര അദ്ധ്യാപക സംഘടനകൾ, രക്ഷാകർതൃ സമിതികൾ, മാധ്യമ പ്രവർത്തകർ എന്നിവരുമായി ഉപരിതല ചർച്ച നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly